**പതിന്നാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1425 03.10.2016-ൽ മറുപടിക്ക്**

**<u>താലൂക്ക് ആശുപത്രികളിലെ സ്പെഷ്യാലിറ്റി കേഡറുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.രാജഗോപാലൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ)കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, നീലേശ്വരം താലൂക്ക്ആശുപത്രികളിൽ സ്പെഷ്യാലിറ്റി കേഡറിൽ എത്ര തസ്തികകൾ ഉണ്ടെന്നും ഈ തസ്തികയിൽ എത്രപേർ ജോലിചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ)വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി)ഗൈനക്കോളജി, കുട്ടികളുടെ സ്പെഷ്യലിസ്റ്റ് വിഭാഗങ്ങളിൽ ഇപ്പോൾ ഇവിടങ്ങളിൽ എത്ര ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) -ന്റെ തസ്തിക ഒഴിഞ്ഞ് കിടക്കുകയാണ്. നീലേശ്വരം താലൂക്ക് ആശുപത്രിയിൽ ഒഴിവുകളൊന്നും നിലവിലില്ല. |
| (സി)പ്രസവ ചികിത്സ നടന്നിരുന്ന ഈ ആശുപത്രികളിൽ ഇപ്പോൾ ചികിത്സ നടത്താൻ കഴിയാതെ വരുന്നതിന്റെ കാരണം അറിയിക്കാമോ; | (സി)നീലേശ്വരം താലൂക്ക് ആശുപത്രിയിൽ ഒരു ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-ന്റെ സേവനം ലഭിക്കുന്നുണ്ട്. ഈ ആശുപത്രിയിൽ പ്രസവം നടക്കുന്നില്ല. എന്നാൽ ഗർഭകാല പരിശോധനകളും, മറ്റ് ഗൈനക്കോളജി സേവനങ്ങളും നൽകി വരുന്നുണ്ട്.<br>തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ഒരു തസ്തികയാണുള്ളത്. ഈ തസ്തിക ഒഴിഞ്ഞ് കിടക്കുകയാണ്. സർവ്വീസിൽ സ്പെഷ്യാലിറ്റി |

യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) മാരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതും ടി ആശുപത്രിയിലെ പ്രസവ ചികിത്സ വീണ്ടും ആരംഭിക്കുന്നതുമാണ്.

(ഡി)ഇതു പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ഡി)സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ജൂനിയർ കൺസൾട്ടന്റ്മാരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ആശുപത്രിയുടെ പേര് | അനുവദിക്കപ്പെട്ട തസ്തികയുടെ പേര് | അനുവദിക്കപ്പെട്ട തസ്തികയുടെ എണ്ണം | ഒഴിവുകൾ |
|---|---|---|---|
| താലൂക്ക് ആശുപത്രി, തൃക്കരിപ്പൂർ | 1)ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി) | ഒന്ന് | ഒന്ന് |
| | 2)ജൂനിയർ കൺസൽട്ടന്റ് (ഓർത്തോ) | ഒന്ന് | ഇല്ല |
| | 3)ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിസ്റ്റ്) | ഒന്ന് | ഇല്ല |
| താലൂക്ക് ആശുപത്രി, നീലേശ്വരം | 1)ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി) | ഒന്ന് | ഇല്ല |
| | 2)ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിസ്റ്റ്) | ഒന്ന് | ഇല്ല |